**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.586 28.09.2016 ന് മറുപടിയ്ക്ക്.

**വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേക്ക് കടന്നു കയറുന്നത് തടയുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.കെ.രാജൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യ മൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേക്ക് കടന്ന് ജനങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ ഇവയുടെ കടന്നുകയറ്റം തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) വന്യമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിൽ കടക്കുന്നത് തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി)വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലേക്ക് കടക്കുന്നത് തടയുന്നതിനായി വനാതിർത്തികളിൽ കരിങ്കൽഭിത്തി നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) കേരളത്തിൽ വന്യജീവി ആക്രമണം നേരിടുന്ന പല പ്രദേശങ്ങളിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വനാതിർത്തികളിൽ കരിങ്കൽ ഭിത്തി നിർമ്മിച്ചു വരുന്നു. ആവശ്യമാണെന്ന് കാണുന്ന സ്ഥലങ്ങളിൽ കൂടുതലായി കരിങ്കൽ ഭിത്തി നിർമ്മിക്കുന്നതാണ്. |
| (സി) വന്യജീവികൾ റോഡപകടങ്ങളിൽ ചത്തൊടുങ്ങുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) വനപ്രദേശങ്ങളിലൂടെ കടന്നു പോകുന്ന റോഡുകളിൽ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ വേണ്ട നടപടി സ്വീകരിക്കും. കൂടാതെ ഇതിനായി ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിക്കും. |

---

Vatsala S.
സെക്ഷൻ ഓഫീസർ